# ഗവ.മോഡൽ എച്ച്.എസ്.എൽ.പി.എസ് & നേഴ്സറി തൈക്കാട്

## <u>അക്കാദമിക മാസ്റ്റർപ്ലാൻ 2025-26</u>

സുദീർഘമായ ചരിത്രമുണ്ട് നമ്മുടെ സ്കൂളിന്. ഒരു നൂറ്റാണ്ടിലേറയായി ഈ നഗരത്തിലെ കുരുന്നുകൾക്ക് അറിവു പകർന്നു നൽകിയ സമൂഹത്തിൻറ വികാസ പരിണാമ ഗതിക്കൊപ്പം സഞ്ചരിച്ച വിദ്യാലയമെന്ന നിലയിൽ അഭിമാനകരമായ പൈതൃകം പിൻപറ്റുന്ന വിദ്യാലയമാണ് തൈക്കാട് മോഡൽ എച്ച്.എസ്.എൽ.പി സ്കൂൾ & നഴ്സറി.

1910 ൽ ശ്രീമൂലം തിരുന്നാളിൻറ കാലത്ത് സ്ഥാപിച്ച ഈ സ്കൂളിൻറ ആദ്യ പ്രഥമാധ്യാപകൻ ഡബ്ലൂ. സി. ക്ലർക്കായിരുന്നു. മലയാളം തമിഴ്, ഇംഗ്ലീഷ് മാധ്യമങ്ങൾ അന്നു മുതൽ ഉണ്ടായിരുന്നു. 1975 വരെ നഴ്സറി മുതൽ പത്താം ക്ലാസ് വരെ ഒരുമിച്ച് പ്രവർത്തിച്ചിരുന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ 1975 മുതൽ നഴ്സറി മുതൽ നാലാം ക്ലാസ് വരെ പ്രത്യേക വിഭാഗമായി മാറി. 1975 ൽ എൽ.പി. സ്കൂളിൽ മാത്രം രണ്ടായിരത്തിലധികം വിദ്യാർത്ഥികളും എഴുപതിലേറ അധ്യാപകരും ഉണ്ടായിരുന്നു. ജനസംഖ്യാ നിരക്കിലെ മാറ്റങ്ങളും അൺ എയ്ഡഡ് സ്കൂളുകളുടെ വർദ്ധനവുമൊക്കെ കുട്ടികളുടെ എണ്ണം കുറയാൻ ഇടയാക്കി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയകരമായി നടപ്പിലാക്കിയതിലൂടെ മമ്മുടെ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായികൊണ്ടിരിക്കുന്നു.

നമ്മുടെ വിദ്യാലയം സാമൂഹിക മാറ്റത്തിൻറ പുതുപാതയൊരുക്കുന്ന സർഗാത്മക ഇടപെടലുകളുടെ ഇടങ്ങളായി മാറിയിരിക്കുന്നു. അധ്യാപകരും രക്ഷിതാക്കളും ഒരുപോലെ വിദ്യാലയത്തിൻറ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുന്നു. പുസ്തകങ്ങൾക്കപ്പുറം പ്രകൃതി എന്ന വിശാല വിഹായസിൽ അറിവു നേടുന്ന വിദ്യാർത്ഥികൾക്ക് സുഗമമായ പഠനാന്തരീക്ഷമൊരുക്കാൻ നമ്മുടെ വിദ്യാലയം പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നു. സർക്കാരും നഗരസഭയും പി.ടി.എയും അധ്യാപകരും ചേർന്ന കൂട്ടായ ഇടപെടലുകൾ തൈക്കാട് മോഡൽ എച്ച്.എസ്.എൽ.പി.സ്കൂളിന് നല്ല കരുത്ത് പകർന്ന് നൽകുന്നു.

അടിസ്ഥാന സൌകര്യ വികസനത്തിനും അക്കാദമിക നിലവാരത്തിലും മികവാർന്ന വർഷമായിരുന്നു. 2023 മാതൃകം സ്റ്റുഡിയോ, ഓർഗാനിക് തീയേറ്റർ, ആക്ടിവിറ്റി റൂം, സ്കൂൾ ബാങ്ക്, സ്കൂൾ ഇലക്ഷൻ, ജൈവ പച്ചക്കറിത്തോട്ടം, ലൈബ്രറി, ലാംഗ്വേജ് ലാബ് തുടങ്ങിയ വേറിട്ട പ്രവർത്തനം കാഴ്ചവെയ്ക്കാൻ നമുക്ക്കഴിഞ്ഞു. ഈ മുന്നേറ്റങ്ങളുടെ തുടർച്ചയാണ് 2025ലെ ഞങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ

## അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും സർഗാത്മക രചനകൾക്കും അവതരണത്തിനുമുള്ള അവസരം നൽകുക
- എല്ലാ കുട്ടികളും അക്ഷങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.
- സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുക.
- ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ (ICT) പരമാവധി പ്രയോജനപ്പെടുത്തുക.
- ബാലസഭകൾ/ ശില്പശാല/ സെമിനാർ/ ചർച്ച എന്നിവ സംഘടിപ്പിക്കുക.
- വായനാ മത്സരം, നിഘണ്ട നിർമ്മാണം, പ്രസംഗം, പതിപ്പ്, കാവ്യകേളി, ഡയറി തുടങ്ങിയവ ഉപയോഗപ്പെടുത്തുക.
- കഥാ രചന, അവതരണം, പതിപ്പ് തയ്യാറാക്കൽ
- കവിതാ രചന, അവതരണം, പതിപ്പ് തയ്യാറാക്കൽ
- കഥാപ്രസംഗം അവതരണം
- പുസ്തക പാരായണം, വായനാ ചർച്ച സംഘടിപ്പിക്കൽ
- സാഹിത്യ ക്വിസ് സംഘടിപ്പിക്കുക.
- സ്കിറ്റ് തയ്യാറാക്കൽ, അവതരണം.
- ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.
- ദിനാചരണങ്ങൾ സംഘടിപ്പിക്കുക.
- സ്പെഷ്യൽ അസംബ്ലി സംഘടിപ്പിക്കുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം

### ലക്ഷ്യങ്ങൾ

- സാമൂഹിക ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹിക ശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ.
- അർത്ഥപൂർണമായ ഭൂപട വായന ക്രമീകരിക്കുക.
- മോഡലുകൾ ഉപയോഗപ്പെടുത്തുക.
- ശാസ്ത്രബോധം വളർത്തുന്നതിന് ശാസ്ത്രീയ കാഴ്ചപ്പാട് രൂപീകരിക്കുക.

- ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ശാരീരിക ആരോഗ്യത്തിന് മുൻഗണന നൽകുക.
- ശാസ്ത്ര മൂല സജ്ജീകരിക്കുക.
- ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.
- സ്കൂൾ ഇലക്ഷൻ നടത്തുക.
- എല്ലാ ആഘോഷങ്ങളും കുട്ടികളിൽ എത്തിക്കുക.
- ഡോക്യുമെൻററി പ്രദർശിപ്പിക്കുക.
- ക്വിസ് സംഘടിപ്പിക്കുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിത പഠനം ലളിതവും രസകരവുമാക്കുക.
- വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം കുട്ടികൾക്ക് ലളിതമാക്കി നൽകുക.
- രക്ഷിതാക്കളുടെ പിൻതുണ ഗണിത പഠനത്തിൽ ഉറപ്പ് വരുത്തുക.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക.
- സംഖ്യാ പാറ്റേൺ, ഗുണന പട്ടിക എളുപ്പത്തിൽ പൂർത്തീകരിക്കുന്നു.
- ചതുഷ്ക്രിയകൾ (+. -, X , %) ഉറപ്പിക്കുന്നു.
- പ്രശ്നപരിഹാരം, പ്രായോഗിക പ്രശ്നപരിഹാരത്തിന് മുൻഗണന
- ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരഹരക്കുന്നതിന് സങ്കലനം , വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായമാകുമെന്ന് കുട്ടികൾ തിരിച്ചറിയുന്നു.
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
- കൃത്യതയോടും സൂഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിൻറ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.
- കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഗണിതലാബ് ഒരുക്കുന്നു.
- ഗണിതമേള , ഗണിത ക്വിസ് , ഗണിതോത്സവം സംഘടിപ്പിക്കുക.
- സ്കൂൾ ബാങ്ക് ക്രമീകരിക്കുക.

## വിഷയം. മലയാളം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വായന, ലേഖനം, എല്ലാ കുട്ടികൾക്കും മലയാള ഭാഷ എഴുതുവാനും വായിക്കുവാനും ഉള്ള അറിവ് നേടുന്നു. | മലയാളത്തിളക്കം - 3,4 ക്ലാസുകളിലെ കുട്ടികൾക്ക് തയ്യാറാക്കിയ മോഡ്യൂൾ പ്രകാരം എല്ലാ ദിവസവും ഉച്ചയ്ക്ക് ഒരു മണിക്കൂർ ലേഖനത്തിനും വായനയ്ക്കും പ്രാധാന്യം നൽകിക്കൊണ്ട് ക്ലാസ് സംഘടിപ്പിക്കുന്നു. | ജൂൺ - ഡിസംബർ | സന്തോഷ് ലാൽ - എസ്.ആർ.ജി കൺവീനർ | എസ്.ആർ.ജി | കുട്ടികൾ, പദങ്ങൾ, ആശയങ്ങൾ, നിഘണ്ടു നിർമ്മാണം, ഡയറി, കഥ, കവിത പൂരണം എന്നിവ ഈ പ്രവർത്തനത്തിലൂടെ നേടുക എന്ന ലക്ഷ്യം കൈവരിക്കുന്നു. |
| 2 | സർഗാത്മക പ്രവർത്തനം | ബാലസഭകൾ ആഴ്ചയിൽ ഒന്ന് എന്ന രീതിയിൽഎല്ലാ ആഴ്ചയിലും ഒരു മണിക്കൂർ സംഘടിപ്പിക്കുന്നു. പുസ്തക ചർച്ച ക്രോഢീകരണം എന്നിവ ബാലസഭയിൽ ക്രമീകരിച്ചിട്ടുണ്ട്. (1 മുതൽ 4 ക്ലാസ് വരെ) | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി | എസ്.ആർ.ജി | സാഹിത്യാഭിരുചി വളർത്തുക, ഭാഷാ ശേഷി വികസിപ്പിക്കുക, കഥാ രചന, കവിതാ രചന എന്നിവയുടെ പതിപ്പ് തയ്യാറാക്കുക, ഡയറി വായിക്കൽ, ഇൻലൻഡ് മാസിക പ്രസിദ്ധീകരിക്കൽ |
| 3 | മധുരം മലയാളം (മലയാളം ക്ലബ്ബ്) | ക്വിസ്, സ്കിറ്റ് അവതരണം, ICT സാധ്യതകൾ പ്രയോജനപ്പെടുത്തി ക്ലാസ് രസകരമാക്കൽ, കവിതാ മത്സരം സംഘടിപ്പിക്കൽ, വിവധ | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - മലയാളം ക്ലബ്ബ് കൺവീനർ | എസ്.ആർ.ജി | ക്വിസ്, സ്കിറ്റ് അവതരണം, കവിതാ കഥാ മത്സരങ്ങൾ, കഥാപ്രസംഗം, അസംബ്ലി എന്നിവ സംഘടിപ്പിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| | | വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ എന്നിവ ക്ലബ്ബ് പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. (3, 4 ക്ലാസുകൾക്ക്) | | | | |
| 4 | കവിതാ പഠനം (കാവ്യകേളി) | കാവ്യകേളി 3,4 ക്ലാസുകളിലെ പൂർണ ആശയം വരുന്ന 8 വരി കവിതകൾ ഈണത്തിൽ ചൊല്ലുന്നതിനും 5-)0 വരിയിലെ ആദ്യക്ഷരം കവിത ചൊല്ലുകയും ചെയ്യുന്നു. | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - മലയാളം ക്ലബ്ബ് | എസ്.ആർ.ജി, സ്റ്റാഫ് ഫണ്ട് | കവിതാ ആസ്വദിക്കുന്നതിനും കവിയെ പരിചയപ്പെടുന്നതിനും ആശയങ്ങൾ മനസ്സിലാക്കുന്നതിനും അതിലൂടെ ഭാഷയെ അറിയുന്നതിനും ലക്ഷ്യമിടുന്നു. |
| 5 | പ്രസംഗ പരിശീലനം | 3,4 ക്ലാസുകളിലെ കുട്ടികൾക്ക് പ്രസംഗ പരിശീലനം നൽകുന്നു. വാക്കുകൾ വിന്യസിക്കുന്നതിനും ശബ്ദവ്യതിയാനം വരുത്തുന്നതനും ആത്മ വിശ്വാസത്തോടെ സ്റ്റേജിൽ നിൽക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കുന്നു. | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - മലയാളം ക്ലബ്ബ് | എസ്.ആർ.ജി, സ്റ്റാഫ് ഫണ്ട് | കുട്ടികൾക്ക് ആത്മവിശ്വാസം ഉണ്ടാക്കാൻ സഹായിക്കുന്നു. |
| 6 | സ്കൂൾ റേഡിയോ (മാതൃകം എഫ്. എം) | | ജൂൺ - മാർച്ച് | എസ്.ആർ.ജി - മലയാളം ക്ലബ്ബ് | പി.ടി.എ, എസ്.ആർ.ജി, സ്റ്റാഫ് ഫണ്ട് | കടങ്കഥ, പഴഞ്ചൊല്ല്, കഥാകഥനം, കവിതാ,പ്രസംഗം, സ്കിറ്റ്, കഥാ പ്രസംഗം, പത്രവായന, ക്വിസ്, ചർച്ച എന്നിവ സംഘടിപ്പിക്കുന്നു. |

## വിഷയം. ഇംഗ്ലീഷ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് അസംബ്ലി | എല്ലാ ക്ലാസുകളിലേയും കുട്ടികളെ ഉൾക്കൊള്ളിച്ച് മാസത്തിൽ 2 എന്ന ക്രമത്തിൽ ഇംഗ്ലീഷ് അസംബ്ലി | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - ഇംഗ്ലീഷ് ക്ലബ്ബ് | ഇല്ല | |
| 2 | ഇംഗ്ലീഷ് ക്ലബ്ബ് | എല്ലാ ക്ലാസുകളിലേയും കുട്ടികൾക്ക് LSRW സ്കിൽ ഇംഗ്ലീഷ് പഠനത്തിൽ ഉറപ്പിക്കുന്നതിനു വേണ്ടി. | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - ഇംഗ്ലീഷ് ക്ലബ്ബ് | എസ്.ആർ.ജി , സ്റ്റാഫ് ഫണ്ട് | |
| 3 | ഇംഗ്ലീഷ് കൾച്ചറൽ ആക്ടിവിറ്റി | കവിതകൾ, കഥകൾ, സംഭാഷണം ഉൾപ്പെടുത്തി ഇംഗ്ലീഷ് കൾച്ചറൽ ആക്ടിവിറ്റി | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - ഇംഗ്ലീഷ് ക്ലബ്ബ് | സ്റ്റാഫ് ഫണ്ട് | |
| 4 | ഹലോ ഇംഗ്ലീഷ് ബുക്ക് | ഇംഗ്ലീഷ് പുസ്തക പരിചയം, ചർച്ച, ക്രോഡീകരണം | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - ഇംഗ്ലീഷ് ക്ലബ്ബ് | സ്റ്റാഫ് ഫണ്ട് | |

വിഷയം. ഗണിതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ (ഗണിത ക്ലബ്ബ്) | ഗണിത ക്ലബ്ബിൻറ ആഭിമുഖ്യത്തിൽ ഗണിത പഠനം രസകരമാക്കുന്നു . ICT കളിയുപകരണ | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി - ഗണിത ക്ലബ്ബ് | സ്റ്റാഫ് ഫണ്ട് | ഗണിത പഠനം രസകരമാക്കുക, വിനോദത്തിന് പ്രാധാന്യം , ICT സാധ്യത ചതുഷ്ക്രിയകളുടെ പ്രയോഗം , ഗണിത പ്രശ്ന |

| | | | | | | |
|---|---|---|---|---|---|---|
| | | ങ്ങൾ ഉപയോഗിച്ച് ഗണിതശേഷി വികസിപ്പിക്കുന്നു. ഒരാഴ്ചയിൽ 3 ദിവസം ക്ലാസ് | | | | പരിഹരണം, അപഗ്രഥനം, നിഗമന രൂപീകരണ കഴിവ് വികസിപ്പിക്കൽ, വർക്ക് ഷീറ്റ് നിർമ്മാണം ഗണിത ക്വിസ് സംഘടിപ്പിക്കുക. ക്വിസ് സംഘടിപ്പിക്കുന്നു. |
| 2 | സ്കൂൾ ബാങ്ക് (മാതൃകം ബാങ്ക്) | ബാങ്ക് പ്രവർതതനം കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 1 മുതൽ 4 വരെ ക്ലാസിലെ കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കിയ പ്രവർത്തനം | ജൂൺ - ഫെബ്രുവരി വരെ തിങ്കൾ - വെള്ളി | എസ്.ആർ.ജി - ഗണിത ക്ലബ്ബ് | പി.ടി.എ ഫണ്ട്, സ്റ്റാഫ് ഫണ്ട് | ബാങ്ക് പ്രവർത്തനം കുട്ടികളിലൂടെ നടപ്പിലാക്കുന്നു. |
| 3 | ഗണിതമേള, ഗണിത ഉത്സവം | വർഷത്തിൽ ഒരു ദിവസം ഗണിത ക്ലബ്ബിൻറ നേതൃത്വത്തിൽ ഗണിതമേള സംഘടിപ്പിക്കുന്നു. | ജനുവരി | എസ്.ആർ.ജി - ഗണിത ക്ലബ്ബ്, പി.ടി.എ | പി.ടി.എ ഫണ്ട്, സ്റ്റാഫ് ഫണ്ട് | രക്ഷകർതൃ- സ്കൂൾ ബന്ധം മെച്ചപ്പെടുത്തുന്നതിന്. ഗണിതോത്സവം സംഘടിപ്പിക്കുന്നു. |

വിഷയം. പരിസരപഠനം

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | മതേതര ജനാധിപത്യ ബോധം വികസിപ്പികൽ (സ്കൂൾ ഇലക്ഷൻ) | ഇലക്ഷൻറ എല്ലാ ഘട്ടങ്ങളും പാലിച്ച് സ്കൂൾ ഇലക്ഷൻ നടത്തുന്നു. വിജ്ഞാപനം നാമിർദ്ദേശ പത്രികാ സമർപ്പണം, | ജൂലായ് | എസ്.ആർ.ജി - കൺവീനർ | പി.ടി.എ, സ്റ്റാഫ് ഫണ്ട്, എസ്.ആർ.ജി | മതേതര ജനാധിപത്യ ബോധം വളർത്തുക, തെരഞ്ഞെടുപ്പ് പ്രക്രിയ മനസ്സിലാക്കുക |

| | | | | | | |
|---|---|---|---|---|---|---|
| | | ഉദ്യോഗസ്ഥ വിന്യാസം , പ്രചരണം, വോട്ടെടുപ്പ്, വോട്ടെണ്ണൽ, പോസ്റ്റൽ വോട്ട്, സത്യപ്രതിജ്ഞ, ഘട്ടങ്ങൾ പൂർത്തിയാക്കൽ | | | | |
| 2 | ശാസ്ത്ര , സാമൂഹികശാസ്ത്ര മൂല സജ്ജീകരിക്കുക | പഠനാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ശാസ്ത്ര , സാമൂഹികശാസ്ത്ര മൂലകൾ സജ്ജീകരിക്കുന്നു . | ജൂൺ - മാർച്ച് | ശാസ്ത്ര ക്ലബ്ബ് ,എസ്.ആർ.ജി | പി.ടി.എ, സ്റ്റാഫ് ഫണ്ട്, എസ്.ആർ.ജി | പഠന പിന്തുണ അധ്യാപകർക്കും കുട്ടികൾക്കും നൽകുന്നതിന് വേണ്ടി ശാസ്ത്ര , സാമൂഹികശാസ്ത്ര മൂല സജ്ജീകരിക്കുന്നു. |
| 3 | എക്സിബിഷനുകൾ സംഘടിപ്പിക്കുക , ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. ശാസ്ത്രോത്സവം | കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ, കൂട്ടായ്മ രൂപികരിക്കാൻ 4 എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ശാസ്ത്ര ക്ലബ്ബ് ,എസ്.ആർ.ജി | പി.ടി.എ, സ്റ്റാഫ് ഫണ്ട്, എസ്.ആർ.ജി | ശാസ്ത്ര , സാമൂഹികശാസ്ത്രം കുട്ടികൾ ഇഷ്ടപ്പെടുന്നതിനും സാമൂഹിക കൂട്ടായ്മ സജ്ജമാക്കുന്നതിനും കഴിയും |
| 4 | ലഘു ശാസ്ത്ര പരീക്ഷണങ്ങൾ | ആഴ്ചയിൽ ഒന്ന് എന്ന നിലയിൽ ലഘു ശാസ്ത്ര പരീക്ഷണങ്ങൾ നടത്തി ചർച്ചകൾ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ശാസ്ത്ര ക്ലബ്ബ് ,എസ്.ആർ.ജി | പി.ടി.എ, സ്റ്റാഫ് ഫണ്ട്, എസ്.ആർ.ജി | കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുവാൻ കഴിയും |
| 5 | ശാസ്ത്ര സാമൂഹികശാസ്ത്ര ക്വിസ് | ആഴ്ചയിൽ നിശ്ചിത ചോദ്യങ്ങൾ ഉത്തരങ്ങൾ നൽകി മാസാവസാനം ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ,എസ്.ആർ.ജി, വിവിധ കൺവീനർമാർ | പി.ടി.എ, സ്റ്റാഫ് ഫണ്ട്, എസ്.ആർ.ജി | എല്ലാ ക്ലാസുകളിലും എല്ലാ ദിലസവും ചോദ്യോത്തരം നൽകി അതിൽ നിന്നും ചോദ്യങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | | ന്നു. | | | | ചോദിച്ച് സമ്മാനം നൽകുന്നു. |
| 6 | ശാസ്ത്ര ദിനാചരണം | ശാസ്ത്ര , സാമൂഹികശാസ്ത്ര പ്രതിഭകളെ അനുസ്മരിക്കുന്നു. | ജൂൺ - മാർച്ച് | വിവിധ ക്ലബ്ബുകൾ, എസ്.ആർ.ജി | പി.ടി.എ, സ്റ്റാഫ് ഫണ്ട്, എസ്.ആർ.ജി | കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുന്നതിനും മഹാൻമാരുടെ കഥകൾ മനസ്സിലാക്കുന്നതിന്. |